

എമ്മാവൂസ്
വചനദൂത്

Vol. IX Issue **16**

**റവ. ഫാ. ജിനോ കൊല്ലംപറമ്പിൽ**

# കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ

**Num 21:4-9, is 42:13-17, 1 Cori 1:18-25, Lk 24:13-27**

**നാ**മിന്ന് നമ്മുടെ രക്ഷയുടെ അടയാളമായ കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ ആഘോഷിക്കുകയാണ്. കുരിശിന്റെ ഏറ്റവും പരിചിതമായ രൂപം ക്രൂശിതരൂപമാണ്. അവന്റെ മരണത്തെക്കാൾ പ്രശസ്തി ഉത്ഥാനത്തിനാണ് എന്ന് ദൈവശാസ്ത്രം പറയുമ്പോഴും വിശ്വാസിയുടെ ഹൃദയത്തെ ചൂഴ്ന്നുനിൽക്കുന്നത് ക്രൂശിതൻ എന്ന കരള് പിടയുന്ന സത്യമാണ്. അവന്റെ കുരിശിന്റെ വഴിയിൽ, സ്വന്തം ജീവിതത്തിലെ സകല സങ്കടകാഴ്ച്ചകളുടെയും നെടുച്ഛേദം വായിച്ചെടുക്കാനാകും എന്നുള്ളത്കൊണ്ടാണ് ലോകം ക്രൂശിതനെ സ്നേഹിക്കുന്നത്.

എന്താണ് കുരിശിന്റെ സന്ദേശം..? ദൈവം മനുഷ്യനോട് അരുൾചെയ്ത സ്നേഹത്തിന്റെയും ജ്ഞാനത്തിന്റെയും വചനമാണ് കുരിശ് (1 കൊറി 1:18-25). ലൗകീകർക്ക് ഈ സന്ദേശം മൗഢ്യമായി തോന്നാം. കുരിശിന്റെ വചനം യഹൂദർക്കും വിജാതീയർക്കും ഒന്നുപോലെ അസ്വീകാര്യമാണെന്ന് പൗലോസ്ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിൽ കുരിശുകൾ ഉണ്ടാകുമ്പോൾ അതിനെ എങ്ങനെയാണ് നാം കരുതുക. പഴി പറഞ്ഞും, പരിതപിച്ചും നമ്മൾ സമയം തള്ളിനീക്കുകയാണ്. ഇത് എനിക്കുള്ള നുകമാണ് എന്ന പ്രകാശം നമുക്ക് ലഭിച്ചാൽ കാര്യങ്ങൾ കുറെക്കൂടി എളുപ്പത്തിലാകും. വിളമ്പിയത് ഭക്ഷിക്കുക എന്ന ക്രിസ്തുവിന്റെ വചനത്തെ ഇതിനോട് ചേർത്തു വായിക്കുക. ചില കാര്യങ്ങൾ നിനക്കു വേണ്ടി മാത്രമായി കരുതിവയ്ക്കുന്നുവെങ്കിൽ അതിനെ തട്ടിമാറ്റേണ്ടതുണ്ടോ.

ദൈവത്തിന്റെ നീതിയെയും സ്നേഹത്തെയും ഇണക്കിച്ചേർക്കുന്ന കണ്ണിയാണ് കുരിശ്. ദൈവത്തിന്റെ നീതിയും, സ്നേഹവും, കാരുണ്യവും അവന്റെ മഹത്വം ഒരേസമയം വിളിച്ചറിയിക്കുന്ന അടയാളമാണ് കുരിശ്. ഏറെക്കാലം വഴിതെറ്റി നടന്നശേഷം മാനസാന്തരപ്പെട്ട് ദൈവികമാർഗ്ഗം തേടിയ ഒരു മനുഷ്യനെക്കുറിച്ച് സ്ക്രൂ ടേപ്പ് ലെറ്റേഴ്സ്

എന്ന സി. എസ്. ലൂയിസിന്റെ വിഖ്യാതമായ ഇംഗ്ലീഷ് കഥയിൽ പ്രതിപാദിക്കുന്നുണ്ട്. നന്മയുടെ പക്ഷം ചേർന്നുള്ള ആ മനുഷ്യന്റെ നടപ്പിൽ പലർക്കും, വിശിഷ്യാ പിശാചിന് അസൂയ തോന്നി. അയാളെ പ്രലോഭനത്തിലൂടെ വീഴ്ത്താൻ ഒരു കുട്ടിപ്പിശാച് തന്റെ അമ്മാവനായിരുന്ന വലിയപിശാചിനോട് പ്രലോഭനമാർഗ്ഗങ്ങൾ ചർച്ച ചെയ്തു. ചർച്ച യ്ക്കിടയിൽ വലിയപിശാച് പറഞ്ഞു നാളിതുവരെ എനിക്ക് മനസ്സിലാകാത്ത ഒരു സത്യ മേയുള്ളൂ. നികൃഷ്ടജീവികളായ ഈ മനുഷ്യരെ ദൈവം എന്തിനാണ് ഇത്രമേൽ സ്നേഹി ക്കുന്നത്..? ഏറെനാളത്തെ അധ്വാനം കൊണ്ട് നാം പടുത്തുയർത്തിയ തിന്മയുടെ കോട്ട കളെ ദൈവം തന്റെ സ്നേഹത്താൽ ഒരുനിമിഷം കൊണ്ട് ഇല്ലാതാക്കുന്നു. നെറികെട്ട വരും, തരംകിട്ടിയാൽ ദൈവത്തെ ദ്രോഹിക്കുന്നവരും ആയിട്ടും ദൈവം മനുഷ്യനെ സ്നേഹിച്ചുകൊണ്ടേയിരിക്കുന്നു. ഒരിക്കലും ആർക്കും ചുരുളഴിക്കാനാവാത്ത രഹസ്യം ദൈവം മനുഷ്യനെ സ്നേഹിക്കുന്നു എന്നതാണ്.

തന്റെ രക്ഷാകരപ്രവൃത്തിയിൽ താൻ സ്നേഹിക്കുന്നവർക്ക്, താൻ തിരഞ്ഞെടു ത്തവർക്ക് ദൈവം നൽകുന്ന പങ്കാളിത്തമാണ് കുരിശ്. അവന്റെ മുറിവുകളിൽ അവൻ നമ്മെ ചേർത്ത്പിടിക്കുകയും നമ്മെ ഒളിപ്പിക്കുകയും ചെയ്യുന്നു. വിശ്വാസത്തിൽ വള രുന്ന ഓരോ ക്രിസ്ത്യാനിയും ലോകത്തിന് ഭോഷത്തമായി തോന്നുന്ന ദൈവികപദ്ധതി യായ കുരിശിന്റെ സന്ദേശം അനുദിനം കൂടുതൽ ഉൾക്കൊള്ളുവാൻ പ്രാപ്തനാക്കുകയും സഹനത്തിൽ തന്റെ നാഥനോട് ആത്മനിർവൃതി കണ്ടെത്തുകയും ചെയ്യും. കുരിശിലാണ് യഥാർത്ഥ വിജയം എന്നത് വിശുദ്ധിയുടെ വിലയേറിയ തിരിച്ചറിവാണ്. മുപ്പത്തിമൂന്നാം വയസ്സിൽ കുറ്റവാളിയെപ്പോലെ കുരിശിൽ പിടഞ്ഞു മരിച്ചവന്റെ ജീവിതമാണ് ലോകത്തെ ഏറ്റവും വിജയിച്ച ജീവിതമെന്ന വിലയിരുത്തലാണ് വിശുദ്ധരെ കുരിശിന്റെ പ്രാണേതാ ക്കളായി മാറ്റിയത്.

ക്രൂശിതനായ ക്രിസ്തുവാണ് നമ്മുടെ രക്ഷയുടെ അടയാളം. പഴയനിയമത്തിൽ നമ്മൾ വായിക്കുന്നുണ്ട്, മോശ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പത്തെ നോക്കിയ പ്പോൾ അവർ മരണത്തിൽ നിന്ന് രക്ഷപെട്ടു എന്ന്. സഹനത്തിന്റെ തീച്ചൂളയിൽ പിട യുന്ന ക്രൂശിതനെ ചൂണ്ടിക്കാട്ടി ശതാധിപൻ വിളിച്ചുപറയുന്നുണ്ട്. ഇവൻ സത്യമായും ദൈവപുത്രനാണ് (മാർക്കോസ് 15:29). സുവിശേഷകൻ ഇവിടെ സഹനത്തെ ദൈവികത യുടെ സാക്ഷ്യമായി അവതരിപ്പിക്കുകയാണ്. ആരോഗ്യത്തെയും ഐശ്വര്യത്തെയും മാത്രം ദൈവികതയുടെ ലക്ഷണമായി വ്യാഖ്യാനിക്കാനുള്ള പ്രലോഭനത്തെ സുവിശേഷകൻ തിരുത്തുകയാണ് ഇവിടെ. ഒരുവനിലെ ദൈവികത സമ്പൂർണ്ണമായി വെളിപ്പെടുന്നത് സഹനത്തിന്റെ തീവ്രനിമിഷങ്ങളിലാണ് എന്ന ദർശനം കാലികപ്രസക്തമാണ്.

അർത്ഥമില്ലാത്ത ഒന്നല്ല കുരിശും സഹനങ്ങളും. സഹനത്തെ പൂർണ്ണമനസ്സോടെ സ്വീകരിച്ചാൽ നിനക്കു വേണ്ടിയല്ല, മറ്റുള്ളവർക്കു വേണ്ടി, നിന്റെ സഹോദരങ്ങൾക്കു വേണ്ടി നീ സഹനങ്ങൾ ഏറ്റെടുക്കുമ്പോൾ അത് യഥാർത്ഥസ്നേഹത്തിന്റെ നിർവചനം ആകുന്നു. മിശിഹാ നിത്യം പുരോഹിതനാണ്. മാമോദീസായിലൂടെ നാമും അവന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുചേർന്നവരാണ്. നമ്മൾ ബലിയർപ്പിക്കാനായിട്ട് കട ന്നുവരുമ്പോൾ നമ്മുടെ കുരിശുകളും, ജീവിതത്തിലെ സങ്കടങ്ങളും എല്ലാം മിശിഹായാ കുന്ന പുരോഹിതനിലേക്ക് സമർപ്പിക്കാം. ഓരോ മനുഷ്യജന്മവും ആന്തിമാർത്ഥത്തിൽ ദൈവത്തിന് സ്വീകാര്യബലിയായി രൂപാന്തരപ്പെടാനുള്ള നിയോഗമാണ്. അപരന് വേണ്ടി ഉള്ളുനൊന്ത് ഒരിക്കൽ പോലും കരയാൻ കഴിയാത്തവർക്ക് ഒരിക്കലും സ്വീകാര്യബലി യർപ്പിക്കാൻ ആവില്ല. സ്വന്തം ശരീരത്തിന്റെ ചോദനകളോട് ആത്മാവിന്റെ ശക്തികൊണ്ടു പൊരുതുന്ന സംഘർഷത്തിന്റെ ആത്മനൊമ്പരം അനുഭവിക്കാത്തവർക്ക് ഒരിക്കലും സമർപ്പണത്തിന്റെ ആഴം ഗ്രഹിക്കാനാവില്ല.

ഈ തിരുനാൾ ദിവസം നമുക്കും പ്രാർത്ഥിക്കാം. കുരിശാണ് രക്ഷ. കുരിശി ലാണ് രക്ഷ. കുരിശേ നമിച്ചിടുന്നു. അവരുടെ വിശുദ്ധ കുരിശിനാൽ നാമെല്ലാവരും മുദ്രിതരാവട്ടെ.

ആമേൻ.